## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1300

4.12.2014ൽ മറുപടിയ്ക്ക്

### കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ. വി.ശശി | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടു ണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്.ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്യ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000/- രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെ തുടർന്ന് ഉല്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായി ട്ടുണ്ട് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 01/03/2014 മുതൽ 300/- രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 01/03/2013 മുതൽ 360/- രൂപയായും വർദ്ധിപ്പിച്ചിട്ടു. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.കൂടാതെ,ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ഈ നടപടികളിലൂടെ കയർ മേഖലയിലെ പ്രതിസന്ധി വളരെയധികം പരിഹരിക്കാൻ കഴിഞ്ഞിട്ടു ണ്ട്. |
| (ബി) പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ മുൻപാകെ സമർപ്പിക്ക പ്പെട്ടിട്ടു ണ്ട് ? | (ബി) കയർ മേഖലയിലെ പ്രതിസന്ധി നേരിടുന്ന തിന് സർക്കാരിന് സമർപ്പിക്കപ്പെട്ട ചില പ്ര ധാന പദ്ധതികൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| | 1. കയർ മേഖലയിലെ ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി.<br><br>2. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണം പരിഷ്ക്കരിക്കുന്നതിനുള്ള പദ്ധതി.<br><br>3. കയർ മേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ.<br><br>4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി.<br><br>5. കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി മെഷിനറികൾ, അടിസ്ഥാന സൗകര്യം എന്നിവ നൽകുന്ന പദ്ധതി.<br><br>6. പ്രോജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനുള്ള പദ്ധതികൾ. |
| (സി) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000/- രൂപ 2013-14ൽ അനുവദിച്ചത് പ്രകാരം കയർഫെഡ് നവംബർ 2013 മുതൽ 2014 മെയ് 23 വരെ 12,04,81,802/- രൂപ വിലവരുന്ന 43710.82 ക്വിന്റലും, 06.08.2014 മുതൽ 05.09.2014 വരെ 4,35,56,658/- രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി.<br><br>കൂടാതെ,മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12- ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406/- രൂപയും, 2012-13 ൽ 440 സംഘങ്ങൾക്ക് 89692648/- രൂപയും 2013-14 ൽ 78 സംഘങ്ങൾക്ക് 1,45,25,260/- രൂപയും നടപ്പു വർഷം 8,84,250/- രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300/- രൂപയായും, ഉല്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360/- രൂപയായും വർദ്ധിപ്പിച്ചു. കയർപിരി, ഡീഫൈബറിംഗ് മേഖലകളിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12 ൽ |

| | |
|---|---|
| | 1,27,50,175/- രൂപയും,2012-13 ൽ 2,07,59,149/- രൂപയും, 2013-14 ൽ 11,20,75,971/- രൂപയും നടപ്പുവർഷം ഇതുവരെ 5,30,88,482/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ചു നടപ്പാക്കുന്നു.തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000/- രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകി കഴിഞ്ഞു. ഉൽപ്പാദനച്ചെലവിന് അനുസൃതമായി വില നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 2013-14 ൽ 3 കോടി രൂപയും, നടപ്പുവർഷം ഇതുവരെ 4 കോടി രൂപയും പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ